17. അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തക (ആശ) പദ്ധതി

18. ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രം, പ്രാഥമിക ആരോഗ്യ കേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് ഉപാധിരഹിത ഫണ്ട്

19. ആശുപത്രികൾ, സാമൂഹിക ആരോഗ്യകേന്ദ്രം, പ്രാഥമിക ആരോഗ്യകേന്ദ്രം, എന്നിവയ്ക്ക് ആശുപത്രി നിർവ്വഹണസമിതി ഗ്രാന്റ്

20. ആശുപത്രികൾ, സാമൂഹിക ആരോഗ്യകേന്ദ്രം, പ്രാഥമിക ആരോഗ്യകേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് അറ്റകുറ്റപ്പണികൾക്കുള്ള ഗ്രാന്റ്

21. ആശുപത്രികളുടെ നവീകരണവും കെട്ടിടനിർമ്മാണവും

22. ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ

23. ആശുപത്രികളിൽ ക്വാളിറ്റി അഷ്വറൻസ് പദ്ധതി നടപ്പാക്കുക

24. ആയുഷ് പദ്ധതി

25. ആരോഗ്യ ബോധശീലവത്ക്കരണ പ്രവർത്തനങ്ങൾ

26. പദ്ധതികളുടെ മേൽനോട്ടവും അവലോകനവും

27. ആരോഗ്യ വിവര ശേഖരണ പദ്ധതി (എച്ച്.എം.ഐ.എസ്.)

28. റേഡിയോ ഹെൽത്ത്.

ആകെ എൻ.ആർ.എച്ച്.എം. പദ്ധതി തുകയുടെ ഏകദേശം 15 ശതമാനം ഫണ്ട് നിർമ്മാണ നവീകരണ പദ്ധതികൾക്ക് ഉപയോഗിക്കാറുണ്ട്.

(സി) സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം.-ന്റെ മേൽനോട്ടവും ചുമതലയും സംസ്ഥാന മിഷൻ ഡയറക്ടർക്കാണ്.

എൻ.ആർ.എച്ച്.എം. മുഖേന താലൂക്കാശുപത്രികളിൽ അത്യാഹിത വിഭാഗം

6 (8066) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം. മുഖേന എത്ര താലൂക്ക് ആശുപത്രികളിലാണ് കാഷ്വാലിറ്റി സംവിധാനം പ്രവർത്തിക്കുന്നത് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ പ്രവർത്തിച്ചുവന്നിരുന്ന കാഷ്വാലിറ്റി നിർത്തലാക്കിയ സാഹചര്യം വ്യക്തമാക്കുമോ ; കാഷ്വാലിറ്റി നിർത്തലാക്കിയതുകൊണ്ട് പൊതുജനങ്ങൾക്കുണ്ടായ പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൻ.ആർ.എച്ച്.എം. മുഖേന താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

(ബി) താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. മുഖേന 4(നാല്) ഡോക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചുകൊണ്ടാണ് കാഷ്വാലിറ്റി സംവിധാനം ആരംഭിച്ചത്. പ്രസ്തുത ഡോക്ടർമാർ സ്വമേധയാ ജോലി രാജിവച്ച് പോയതുകൊണ്ടാണ് കാഷ്വാലിറ്റി സംവിധാനം നിർത്തലാക്കിയ സാഹചര്യം വന്നത്. കാഷ്വാലിറ്റി നിർത്തലാക്കിയതുകൊണ്ട് പൊതുജനങ്ങൾക്കുണ്ടായ പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാഷ്വാലിറ്റി സംവിധാനം പുനഃസ്ഥാപിക്കുന്നതിന് എൻ.ആർ.എച്ച്.എം. മുഖേന കരാർ അടിസ്ഥാനത്തിലുള്ള നിയമനത്തിനായി ഡോക്ടർമാരുമായി കൂടിക്കാഴ്ച നടത്തിയെങ്കിലും ആരുംതന്നെ താൽപ്പര്യം പ്രകടിപ്പിച്ചിട്ടില്ല.

എൻ.ആർ.എച്ച്.എം. മുഖേന നിയമിതരായിട്ടുള്ള വനിതാ വിഭാഗം ജീവനക്കാർക്ക് ശമ്പളത്തോടുകൂടിയുള്ള പ്രസവാവധി

7 (8067) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എൻ.ആർ.എച്ച്.എം. മുഖേന നിയമിതരായിട്ടുള്ള വനിതാവിഭാഗം ജീവനക്കാർക്ക് ശമ്പളത്തോടുകൂടിയുള്ള പ്രസവാവധി അനുവദിച്ചുനൽകാറുണ്ടോ ; എങ്കിൽ എത്ര ദിവസമാണ് ശമ്പളത്തോടുകൂടി അവധി അനുവദിക്കുന്നത് ; ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഇടുക്കി ജില്ലയിൽ എൻ.ആർ.എച്ച്.എം. മുഖേന നിയമിതരായിട്ടുള്ള വനിതാ ജീവനക്കാർക്ക് പ്രസവാവധിക്കാലത്തെ ശമ്പളം നൽകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അർഹരായിട്ടുള്ള അപേക്ഷകർക്കെല്ലാം പ്രസവാവധിക്കാലത്തെ ശമ്പളം അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly